# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 299 — 26.02.2018 — ൽ മറുപടിക്ക്

## പുതിയ റേഷൻകാർഡ് ലഭിക്കുന്നതിന് ശിപാർശ കത്ത്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.വി. അൻവർ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻകാർഡ് ലഭിക്കുന്നതിന് എം.എൽ.എ മാരുടെ ശിപാർശ കത്ത് ഹാജരാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) റേഷൻ കാർഡ് ലഭിക്കുന്നതിന് ആരുടെയൊക്കെ സാക്ഷ്യപത്രങ്ങളാണ് സ്വീകാര്യമായിട്ടുളളത്; വിശദമാക്കാമോ;<br><br>(സി) മറ്റൊരു റേഷൻ കാർഡിലും പേര് ഉൾപ്പെട്ടിട്ടില്ല എന്ന സാക്ഷ്യപത്രം ഏതെല്ലാം രേഖകൾ പരിശോധിച്ചാണ് നൽകാൻ കഴിയുക; ആയത് സാക്ഷ്യപ്പെടുത്താൻ എം.എൽ.എ യെ നിർദ്ദേശിച്ച് ഉത്തരവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ബി) യും (സി) യും | നിർദ്ദിഷ്ട അപേക്ഷയോടൊപ്പം ഗൃഹനാഥയുടെ രണ്ട് കളർ പാസ്പോർട്ട് സൈസ് ഫോട്ടോ, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സറണ്ടർ സർട്ടിഫിക്കറ്റ്/ റിഡക്ഷൻ സർട്ടിഫിക്കറ്റ്/ നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് പുറമേ 20.07.96 ലെ സർക്കുലർ നം. 7/96 പ്രകാരം സ്വന്തമായി കാർഡില്ലെന്നോ അപേക്ഷകൻ ഏതെങ്കിലും കാർഡിൽപെട്ടിട്ടില്ലെന്നോ സൂചിപ്പിക്കുന്ന സ്ഥലം എം.പി, എം.എൽ.എ, ഗ്രാമ/ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ കാർഡുകൾ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*

നം:(സി.എസ്)എ4-25583/96

റവന്യൂ ബോർഡ് (സിവിൽ സപ്ലൈസ്),
തിരുവനന്തപുരം, 20-07-96.

## സർക്കുലർ നമ്പർ 7/96

വിഷയം :- സിവിൽ സപ്ലൈസ് - റേഷനിംഗ് - പുതിയ റേഷൻകാർഡ് നൽകുന്നതു സംബന്ധിച്ച് -

സൂചന :- 05-05-94 ലെ എ2-17762/94 നമ്പരിലുള്ള ബോർഡിന്റെ കത്ത്

uram.

alakkad,

റേഷൻകാർഡ് നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതായി സ്ഥലം എം.എൽ.എ. മാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കാർഡ് നൽകണമെന്ന് മേൽ നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നില്ലെന്നും പൊതുജനങ്ങൾക്കു പലവിധ ബുദ്ധിമുട്ടുകൾ തൻമൂലം അനുഭവപ്പെടുന്നുണ്ടെന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ റേഷൻകാർഡു നൽകുന്ന കാര്യത്തിൽ നിലവിലുള്ള നിർദ്ദേശത്തിനുപരിയായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. എല്ലാ ജില്ലാ സപ്ലൈ ആഫീസർമാരും പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നോ എന്നു നിരീക്ഷിക്കേണ്ടതാണ്.

1. വില്ലേജ് ആഫീസർ, പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നിവർ നൽകുന്ന റസിഡൻഷ്യൽ/വരുമാന സർട്ടിഫിക്കറ്റുകൾക്കു പുറമെ ബന്ധപ്പെട്ട കക്ഷിക്ക് സ്വന്തമായി കാർഡില്ലെന്നോ പ്രസ്തുത കക്ഷി ഏതെങ്കിലും കാർഡിൽപ്പെട്ടിട്ടില്ലെന്നോ സൂചിപ്പിക്കുന്ന സ്ഥലം എം.പി., എം.എൽ.എ., ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ കാർഡുകൾ നൽകേണ്ടതാണ്.

2. പുതിയ കാർഡിൽ കുട്ടികളുടെ പേര് ചേർക്കുന്നതിന് ജനനസർട്ടിഫിക്കറ്റ്, സ്കൂൾ/കോളേജ് അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് ഇവ ആവശ്യപ്പെടാവുന്നതാണ്.

സർക്കുലർ കൈപ്പറ്റിയതിനുള്ള രസീത് മടക്കതപാലിൽ അയക്കേണ്ടതാണ്.

ഒപ്പ്
സിവിൽ സപ്ലൈസ് ഡയറക്ടർ

എല്ലാ ജില്ലാ സപ്ലൈ ആഫീസർമാർക്കും/താലൂക്ക് സപ്ലൈ ആഫീസർമാർക്കും/സിറ്റി റേഷനിംഗ് ആഫീസർമാർക്കും

പകർപ്പ്:
1. ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ
2. വിജിലൻസ് ആഫീസർ/അക്കൗണ്ട്സ് ആഫീസർ/സി.എ.ഒ
3. സിവിൽ സപ്ലൈസ് കമ്മീഷണർ/ഡയറക്ടർ/കൺട്രോളർ എന്നിവരുടെ സി.എ. മാർക്ക്
4. സ്റ്റോക്ക് ഫയലിലേക്ക്/അധികം പകർപ്പുകൾ